(ബി) ബഹു. ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ (സി) നമ്പർ 18665/05 (വി)-ൽ 23-6-2005-ലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ ടി സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ടി റിട്ട് പെറ്റീഷൻ മേൽ ബഹു. ഹൈക്കോടതിയുടെ തീരുമാനത്തിനനുസൃതമായി മാത്രമേ മേൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

അംഗീകാരം ലഭിച്ചിട്ടില്ലാത്ത അൺഎയ്ഡഡ് സ്കൂളുകളിലെ കോഴ്സുകളുടെ അംഗീകാരം

213 [1615] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത അൺഎയ്ഡഡ് സ്കൂളുകളിൽ നടത്തപ്പെടുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) അംഗീകാരം ലഭിച്ചിട്ടില്ലാത്ത അൺഎയ്ഡഡ് സ്കൂളുകളിൽ പ്രത്യേകം കോഴ്സുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമത്തിന് സ്വീകരിച്ച നടപടി

214 [1620] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി–പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പട്ടിക ജാതി–പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനായി കേന്ദ്രത്തിൽനിന്നും 2004-05-ൽ എന്തു തുക ലഭിച്ചു; ഇതിൽ എന്തു തുക ചെലവഴിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി ഈ സർക്കാർ നിലവിലുള്ള വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ സാമ്പത്തികോന്നമന പരിപാടികൾക്ക് ഉപരിയായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു:

1. ഭൂരഹിത ആദിവാസികളുടെ പുനരധിവാസ പദ്ധതി.

2. സ്വയംതൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ, ശുദ്ധജല വിതരണവും ശുചിത്വവും, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ, വൈദ്യുതി, റോഡ്, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ പുരോഗതി എന്നിവയ്ക്കുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പരിപാടികൾ.

3. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ കുടിവെള്ള പദ്ധതി (ഗിരിധാരാ പദ്ധതി).

4. പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ.

5. പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് ധനസഹായം.

6. ഊരുകൂട്ട രൂപീകരണവും പരിശീലനവും.

7. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് ആൻഡ് ഡവലപ്മെൻറ് പദ്ധതി.

8. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസന പരിപാടി.

9. പ്രാകൃതന ഗോത്ര വർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

10. പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി പദ്ധതി.

11. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീ മെട്രിക് ഹോസ്റ്റലുകളിലെയും കുട്ടികൾക്ക് കൗൺസിലിംഗ് പരിപാടി.

12. പ്രാകൃതന ഗോത്ര വർഗ്ഗ കുട്ടികൾക്കുള്ള പഠന വിദ്യാഭ്യാസ പരിപാടി.

13. സ്വന്തമായി കെട്ടിടമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും പ്രീ മെട്രിക് ഹോസ്റ്റലുകൾക്കും സമയബന്ധിതമായിട്ടുള്ള കെട്ടിട നിർമ്മാണം.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം അനുബന്ധം–1 ആയി ചേർത്തിട്ടുണ്ട്.†

(ബി) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പബ്ലിക് സ്കൂൾ മാതൃകയിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 109 പ്രീ മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 8, 9, 10, ഹയർ സെക്കൻഡറി ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കൂളുകളിൽത്തന്നെ പ്രത്യേക ട്യൂഷൻ നൽകുന്ന പരിപാടി നടപ്പാക്കി വരുന്നു. പ്രൊഫഷണൽ കോളേജു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും വ്യക്തിത്വ വികസനത്തിലും ഒരു മാസത്തെ പരിശീലന പരിപാടി നടപ്പാക്കി വരുന്നു. നാല്, ഏഴ് ക്ലാസ്സുകളിലെ സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങളും പ്രത്യേക ട്യൂഷൻ ക്ലാസ്സുകളും പ്രദാനം ചെയ്യുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലൻറ് സർച്ച് ആൻറ് ഡവലപ്മെൻറ് പരിപാടിയും നടപ്പാക്കി വരുന്നു. പട്ടികജാതി വികസന വകുപ്പിൻെറ കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധം–2 ആയി ചേർത്തിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ ക്ഷേമത്തിനായി 2004-05 വർഷം അധിക കേന്ദ്ര സഹായം ഉൾപ്പെടെ ആകെ 13.85 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. ഈ ഇനത്തിൽ ചെലവഴിച്ചത് 14.80 കോടി രൂപയാണ്. പട്ടികജാതി വികസന വകുപ്പിന് കേന്ദ്രത്തിൽനിന്ന് 2004-05 വർഷം 986.58 ലക്ഷം രൂപ ലഭിച്ചതിൽ 962.58 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1435, 1474, 1487, 1540, 1541, 1543 എന്നിവ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly